## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 800** **11-06-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ പൊക്കാളിനെല്ല് സംഭരണത്തിന് സഹകരണ സംഘങ്ങളുടെ കൺസോർഷ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പൊക്കാളി നെൽകർഷകരുടെ നെല്ല് ന്യായവിലയ്ക്ക് സംഭരിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുന്നത് സംബന്ധിച്ച സി2/298/2022 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ പൊക്കാളി നെൽകർഷകരുടെ നെല്ല് ന്യായവിലയ്ക്ക് സംഭരിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ സഹകരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 07/09/2023 തീയതിയിൽ യോഗം ചേരുകയുണ്ടായി. യോഗതീരുമാനപ്രകാരം പൊക്കാളികൃഷിയിലൂടെ സംഭരിക്കുന്ന നെല്ല് അരിയാക്കി മാറ്റുന്നതിനായി എറണാകുളം കേന്ദ്രീകരിച്ചുള്ള മില്ലുകൾക്ക് ദൗർലഭ്യം നേരിടുന്നതിനാൽ ആയതിൽ തീരുമാനമെടുക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷനെ sole agency ആയി നിശ്ചയിക്കുകയും അതിന്മേൽ നടപടി സ്വീകരിക്കാൻ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് നടന്ന സെക്രട്ടറിതല മീറ്റിംഗിന്റെ മിനിട്സ് ലഭ്യമാക്കാമോ; | (ബി) | സെക്രട്ടറിതല മീറ്റിംഗിന്റെ മിനിട്സ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | യോഗതീരുമാനപ്രകാരം പൊക്കാളികൃഷിയിലൂടെ സംഭരിക്കുന്ന നെല്ല് അരിയാക്കി മാറ്റുന്നതിനായി എറണാകുളം കേന്ദ്രീകരിച്ചുള്ള മില്ലുകൾക്ക് ദൗർലഭ്യം നേരിടുന്നതിനാൽ ആയതിൽ തീരുമാനമെടുക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷനെ sole agency ആയി നിശ്ചയിക്കുകയും അതിന്മേൽ നടപടി സ്വീകരിക്കാൻ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ